**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1531** **19-09-2025 - ൽ മറുപടിയ്ക്ക്**

**സ്കോൾ-കേരള**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിലെ, സ്കോൾ-കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ വൈസ് ചെയർമാന്റെ നിയമനം വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ; അതുമൂലം സ്ഥാപനത്തിനും വിദ്യാർത്ഥികൾക്കും ഉണ്ടാവുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | **പൊതുവിദ്യാഭ്യാസ വകുപ്പിലെ, സ്കോൾ-കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ വൈസ് ചെയർമാൻ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.** |
| (ബി) | വൈസ് ചെയർമാന്റെ നിയമനത്തിന് വേണ്ടി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചതെന്നാണ്; പ്രസ്തുത സെലക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനും അംഗങ്ങളും ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) | **സ്കോൾ-കേരള വൈസ് ചെയർമാനെ നിയമിക്കുന്നതിന് 18.03.2025 സ.ഉ (സാധാ) നം. 2072/2025/പൊ.വി.വ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അധ്യക്ഷനായും എസ്.സി.ഇ.ആർ.ടി ഡയറക്ടർ, എസ്.എസ്.കെ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ എന്നിവർ അംഗങ്ങളായും സെലക്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.** |
| (സി) | പ്രസ്തുത സെലക്ഷൻ കമ്മിറ്റി എത്ര യോഗങ്ങൾ ഇതിനകം ചേർന്നുവെന്നും വൈസ് ചെയർമാൻ നിയമനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ ; യോഗം ചേർന്നിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ; | (സി) | **സെലക്ട് കമ്മിറ്റി യോഗം ചേർന്ന് സ്കോൾ-കേരള വൈസ് ചെയർമാനെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.** |
| (ഡി) | സ്കോൾ-കേരളയിൽ വൈസ് ചെയർമാനെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | **സെലക്ട് കമ്മിറ്റി യോഗം ചേർന്ന് സ്കോൾ-കേരള വൈസ് ചെയർമാനെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ